കോച്ചിംഗ് സെന്ററും, എൻ. ഐ. എസ്. ആൻറ് റീജിയണൽ സെൻററും നഷ്ടപ്പെടുമെന്നുള്ള വാർത്ത വീണ്ടും പത്രങ്ങളിൽ വന്നിട്ടുണ്ട്. നേരത്തെ എൻ. ഐ. എസ്.-ൻെറ ഒരു റീജിയണൽ സെൻറർ കണ്ണൂരിൽ ആരംഭിക്കുമെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കായിക പരിശീലനത്തിൽ ഫലപ്രദമായ നടപടികളും സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും കേരളത്തിന് മാത്രമല്ല, ഇൻഡ്യയ്ക്കുപോലും അഭിമാനിക്കാൻ സാധിക്കുമെന്ന് തെളിഞ്ഞിട്ടുള്ള ഒരു സാഹചര്യമാണിന്നുള്ളത്. സോം ഏഷ്യാഡ് വിളിച്ചറിയിക്കുന്നത് പ്രൈമറി ഘട്ടം മുതൽ വളരെ വിദഗ്ധമായ പരിശീലനം കൊടുക്കുകയാണെങ്കിൽ നമുക്ക് വളരെ മെച്ചപ്പെട്ട നേട്ടമുണ്ടാക്കാൻ സാധിക്കുമെന്നാണ്. ആ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെൻറ് സജീവമായി ശ്രദ്ധിച്ച് എൻ. ഐ. എസ്.-ൻെറ റീജിയണൽ സെൻറർ കേരളത്തിന് ലഭിക്കുന്നതിനും കോച്ചിംഗ് സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികളും സ്വീകരിക്കണം. ആ ശാഖ കണ്ണൂരിൽ സ്ഥാപിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനം വകുപ്പുമന്ത്രി (ശ്രീ: കെ. പി. നൂറുദ്ദീൻ) : സർ, എൻ. ഐ. എസ്.-ൻെറ ഒരു ശാഖ കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി രണ്ട് പദ്ധതി ഇൻഡ്യാ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആ അവസരത്തിൽ ബാംഗ്ലൂരിൽ ഒരെണ്ണം സ്ഥാപിച്ചുപോയി. അതുകൊണ്ട് കേരളത്തിൽ ഇന്ന് സ്ഥാപിക്കാൻ സാദ്ധ്യമല്ലെന്നുള്ള സമീപനമാണ് മുൻപ് എടുത്തിരുന്നത്. എന്നാൽ ഈയിടെ നമ്മൾ ഉന്നയിച്ച ആവശ്യത്തെത്തുടർന്ന് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൻെറ അടിസ്ഥാനത്തിൽ ആയിരിക്കാം കേരളത്തിൽ ഒരു ട്രെയിനിംഗ് സെൻറർ അനുവദിക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. അതിനാവശ്യമായ 50 ഏക്കർ സ്ഥലവും അതുപോലെ സ്റ്റേറ്റാണെന്നു വിഹിതമായ ഒരു കോടി രൂപയും സ്വരൂപിക്കാനും അവർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന് ഈയിടെ ക്യാബിനറ്റ് അംഗീകാരം നൽകുകയും കേരളത്തിൽ അത് ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിൽ ഇതിനു വേണ്ടി മൂന്ന് സ്ഥലങ്ങളും ജില്ലാ കളക്ടർ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അവിടെനിന്നുള്ള വിദഗ്ധൻമാർ വന്ന് പരിശോധിച്ചതിനുശേഷം അവരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അയിരിക്കും തീരുമാനം എടുക്കാൻ പോകുന്നത്. ഈ സെൻറർ കേരളത്തിന് നഷ്ടപ്പെടുകയില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

3. വട്ടവട പഞ്ചായത്തിലെ റോഡിൻെറ പണി

ശ്രീ. ജി. വരദൻ : സർ, നമ്മുടെ പൊതുമരാമത്തുവകുപ്പ് മന്ത്രി അവർകൾ ദയവു ചെയ്തു ഞാൻ പറയുന്നതു മനസ്സിലാക്കണം. വട്ടവട പഞ്ചായത്തിൽ റോഡ് ഇല്ലാത്ത കാരണത്താൽ അവിടുത്തെ ജനങ്ങൾ കഴിഞ്ഞ പാർലമെൻറ് തിരഞ്ഞെടുപ്പിൽ അവർക്കുള്ള വോട്ട് ചെയ്യാൻ പോലും സാധിച്ചിട്ടില്ല. റോഡ് ഇല്ലാത്തതിനാൽ അവർക്കു റേഷൻ വാങ്ങാൻ പോലും സാധിക്കുന്നില്ല. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. ഇവിടെ ഒരു ഡോക്ടർ ഉണ്ടെങ്കിലും അവിടെ എത്തിച്ചേര

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടി നഹ) : സർ, അദ്ദേഹം പറഞ്ഞ റോഡിന്റെ കാര്യം, 1977-ൽ അനുമതി നല്കി പ്രവർത്തനം തുടങ്ങിയതാണ്. അതിന്റെ ലോവസ്റ്റ് ടെൻഡർ വിളിച്ച തുകയ്ക്ക് ഇട്ടിട്ടുപോയി. പിന്നെ 82-ാം ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ 1985-ൽ രണ്ടാമതു 28 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി വേറെയൊരു ടെൻഡർ വിളിച്ചു. ആ ടെൻഡർകാരൻ 68% നു മുകളിലുള്ള ടെൻഡറിനു് ആണ് ടെൻഡർ വിളിച്ചെടുത്തത്. അതിന്റെ പ്രവർത്തനം തുടങ്ങി. കഴിഞ്ഞ 10 മാസക്കാലമായി പണി വളരെ സ്ലോ ആയിട്ടാണ് പോകുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും അതിന്റെ പണി ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശം നല്കി കഴിഞ്ഞിട്ടുണ്ട്.

4. മൂവാറ്റുപുഴ മുനിസിപ്പൽ ബസ്സ്റ്റാൻറിൽ ബസ്സുകൾ കയറാത്തതിന്റെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

ശ്രീ. വി. വി. ജോസഫ് : 1972-ൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ഉള്ള ബസ്സ്റ്റാൻറിൽ മറ്റു സ്ഥലങ്ങളിൽനിന്നും വരുന്ന ബസ്സുകൾ പോകാതെ ടൗണിന്റെ മദ്ധ്യത്തിൽ ആളുകളെ ഇറക്കി തിരിച്ചു പോകുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബസ് യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയാണ് ഈ സ്റ്റാൻറ് നിർമ്മിച്ചത്. ആദ്യകാലങ്ങളിൽ എല്ലാ ബസ്സുകളും അവിടെ പോകുമായിരുന്നു. എങ്കിലും പിന്നീട് പല ബസ്സുകളും അവിടെ പോകാതായി. പല പ്രാവശ്യം രാഷ്ട്രീയ പാർട്ടികൾ സമരം നടത്തി. കുറച്ചു മാസം ശക്തിയായ ജനരോഷമുണ്ടായപ്പോൾ ബസ്സുകൾ കുറഞ്ഞു. സ്റ്റാൻറിൽ ഒരു ബസ് ഗാരേജില്ലാത്തതുകൊണ്ടാണ് അവിടെ ഈ അനിഷ്ടസംഭവമുണ്ടായത്. മൂവാറ്റുപുഴയിലും മറ്റൊരു തങ്കമണി ആവർത്തിക്കുവാനിടയാക്കരുത്. അതുകൊണ്ട് ബസ്സുകൾ മുനിസിപ്പൽ സ്റ്റാൻറിലൂടെ പോകുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ മൂവാറ്റുപുഴയിലെ മുനിസിപ്പൽ ബസ്സ്റ്റാൻറിലേക്കു സ്വകാര്യ ബസ്സുകൾ കടന്ന് സർവ്വീസ് നടത്തി പോകണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

5. അഗളി ഗവൺമെൻറ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥിനിയെ ബലാൽസംഗം ചെയ്ത സംഭവം

ശ്രീ. പി കുമാരൻ : സർ, അഗളി ഗവൺമെൻറ് ഹൈസ്ക്കൂളിലെ 15 വയസ്സായ ഒരു ആദിവാസി വിദ്യാർത്ഥിനി താവളത്ത് ബസ്സിറങ്ങി കരുവര ഊരിലേക്ക് പോകുന്ന വഴിയിൽ വച്ച് നാലുപേർ ചേർന്ന് ബലാൽസംഗത്തിനിരയാക്കിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് അവരുടെ പേരിൽ കർശനമായ നടപടിയെടുക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കുട്ടിയുടെ നിലവിളി കേട്ട് നാട്ടുകാർ ഓടിക്കൂടിയെങ്കിലും ഒരു പ്രതിയെ പിടിച്ച് പോലീസിലും കുട്ടിയെ ഗവൺമെൻറ് ആശുപത്രിയിലും ഹാജരാക്കി. ആ സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly